ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-14-ലെ MoPF സ്കീമിൽ ഉൾപ്പെടുത്തി പുതുക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ 2 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ (USQ) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തരം നിർമ്മിക്കുന്നതിനായുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

ഓപ്പറേഷൻ കുബേര

167 (1872) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര പ്രകാരം എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; എത്ര പേരെയാണ് ശിക്ഷിക്കപ്പെട്ട് ജയിലിൽ അയച്ചിട്ടുള്ളത് ; ശിക്ഷിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഓപ്പറേഷൻ കുബേര പ്രകാരം 3197 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച കേസ്സുകൾ അന്വേഷണാവസ്ഥയിലും കോടതിയുടെ പരിഗണനയിലുമാണ്.

ഓപ്പറേഷൻ സുരക്ഷ

168 (1873) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ട എത്ര പേരെയാണ് ഓപ്പറേഷൻ സുരക്ഷ മുഖേന അറസ്റ്റ് ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ട 2321 പേരെയാണ് ഓപ്പറേഷൻ സുരക്ഷ മുഖേന അറസ്റ്റ് ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിറ്റി	58
തിരുവനന്തപുരം റൂറൽ	1403
കൊല്ലം സിറ്റി	30
കൊല്ലം റൂറൽ	48
പത്തനംതിട്ട	18
ആലപ്പുഴ	27
കോട്ടയം	22
ഇടുക്കി	21
എറണാകുളം സിറ്റി	54
എറണാകുളം റൂറൽ	44
തൃശ്ശൂർ സിറ്റി	126
തൃശ്ശൂർ റൂറൽ	56
പാലക്കാട്	87
മലപ്പുറം	233
കോഴിക്കോട് സിറ്റി	0
കോഴിക്കോട് റൂറൽ	37
വയനാട്	23
കണ്ണൂർ	21
കാസർഗോഡ്	12
റെയിൽവേസ്	1
ആകെ	2321